# മലയാളം

# അക്കാദമിക

# മാസ്റ്റർ

# പ്ലാൻ

## Std- I

## ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ/ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായനാ കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപശാലകൾ നടത്തുന്നു.
- തിയറ്റർ സാധ്യതകൾ, വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘുകവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.

## പ്രവർത്തന ലക്ഷ്യങ്ങൾ

- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
- പാട്ടരങ്ങ്, റീഡേഴ്സ് തിയറ്റർ എന്നിവയിൽ ഏർപ്പെടു
- കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.
- സ്വതന്ത്രമായി എഴുതാനും വായിക്കാനും വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശില്പശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

## ജൂൺ

## പ്രവർത്തനങ്ങൾ

- സചിത്രനോട്ട് ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ
- സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

- അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം
- ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശിൽപശാല
- താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

## ജൂലൈ

### പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ
- വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

## ഓഗസ്റ്റ്

### പ്രവർത്തനങ്ങൾ

- റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശിൽപശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ
- ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.

- സംയുക്ത ഡയറി എഴുത്ത്
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരച്ചാട്ടുകൾ ചിത്രവായന കാർഡുകൾ എന്നിവ തയ്യാറാക്കി അവതരിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാരരൂപങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

### പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമാക്കി മാറ്റുന്നു.

## ഒക്ടോബർ

### പ്രവർത്തനങ്ങൾ

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.
- ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.
- ഭാഷാ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാക്കുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.
- ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നു.

## നവംബർ

### പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്ത് സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
- കൂട്ട വായന, നാട്ടുവായന, വീട്ടുവായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ
- വായനോത്സവം തുടരുന്നു.
- രചനോത്സവം തുടരുന്നു.
- പത്രവായനയ്ക്ക് അവസരം ഒരുക്കൽ.
- താളാത്മകമായി കവിതകൾ ചൊല്ലൽ.

- സംയുക്ത ഡയറിയിൽ കൂടി എഴുത്ത് കൂടുതലാക്കുന്നു
- ചിത്ര വായന നടത്തുന്നു.
- ചെറിയ വായന കാർഡുകൾ, ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ട വായന നടത്തുന്നു.
- ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്രവായനക്കാരാക്കുന്നു.
- നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു.
- ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

## ഡിസംബർ

### പ്രവർത്തനങ്ങൾ

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.
- രചനാ ശേഷി പരിപോഷിപ്പിക്കൽ
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറുഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പരം സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
- ലഘു കവിതകൾ, കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.

- കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയ പൂർണതയോടെ എഴുതാൻ കഴിവ് നേടി രചനാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
- സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

## ജനുവരി

### പ്രവർത്തനങ്ങൾ

- കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപശാലകൾ നടത്തുന്നു.
- തിയേറ്റർ സാധ്യതകൾ, വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു
- കുട്ടികൾ എഴുതിയ ചെറുകവിതകൾ, കഥകൾ എന്നിവയുടെ പ്രകാശനം.
- സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ, ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു.
- കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിനു മുൻപിൽ അവതരിപ്പിക്കുന്നു.

- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കൈയെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിന് മുമ്പിൽ പ്രകടിപ്പിക്കുന്നു.

## ഫെബ്രുവരി

### പ്രവർത്തനങ്ങൾ

- ഭാഷോത്സവം, രചനോത്സവം എന്നീ ഭാഷാ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കുന്നു.
- ആശയ പൂർണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
- സ്വന്തമായി രചനകൾ നടത്തി കൈയെഴുത്ത് പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
- ആശയ പൂർണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിന് മുന്നിൽ പ്രകടിപ്പിക്കുന്നു.

# മാർച്ച്

## പ്രവർത്തനങ്ങൾ

- കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
- വീട്ടുവായന, കൂട്ടവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന, സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

## വിലയിരുത്തൽ പ്രവർത്തനങ്ങൾ

- കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്ര രചനകളെ വായനാകാർഡുകളായി മാറ്റിയിട്ടുണ്ട്.
- രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്.
- കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
- സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
- സചിത്ര പാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.

# English

# Academic Master Plan

# Std-I

# English

# Academic Master Plan

## Std-I

## Objectives and learning outcomes.

- Respond to simple instructions in the classroom
- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy songs and sings them with Rhythm and action.
- Familiarise the names of birds, animals, their young ones and identifies them from pictures.

### June

- Introduce symbol words.
- Provides picture cards.

### July

- Identify familiar words.
- Say familiar words.
- Read familiar words.
- Write familiar words.

## August

- Enjoy songs and sings them with Rhythm and action.
- Describes orally about pictures and objects using adjectives.

## September

- Read and write simple words and simple sentences.
- Provides picture cards and reading cards.

## October

- Introduce symbol picture descriptions.
- Make word chain, sentence chain
- Make riddles.
- Describing words, rhyming words
- Text book activities.

## November:

- Prepare reading cards.
- Provide more opportunities to read, write and speak English.
- Write five English words daily.

## December:

- Read and understand simple instructions in the classroom.
- Encourage digital reading.

## January

- Enjoy songs and sings them with Rhythm and action.
- Make picture albums.
- Collect pictures of animals and its young ones.

## February

- Provide the opportunities to express myself in the classroom.
- English assembly once in a week.

## March

- Speaks English fluently.
- Read and write simple sentences.
- Picture reading and picture description.

# ഗണിതം

# അക്കാദമിക മാസ്റ്റർ പ്ലാൻ

# Std - I

## ലക്ഷ്യങ്ങൾ

- 1 മുതൽ 5 വരെയുള്ള സംഖ്യകൾ എണ്ണുന്നു. എഴുതുന്നു.
- 5 വരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- 5 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു. വായിക്കുന്നു.
- 9-ൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ - അവരോഹണ ക്രമത്തിൽ ആക്കുന്നു.
- രണ്ട് ഒരക്കസംഖ്യകളുടെ സങ്കലനം
- രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം
- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം
- 1 മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും, എഴുതുകയും, വായിക്കുകയും ചെയ്യുന്നു.
- ഒരക്കസംഖ്യാ പാറ്റേൺ രൂപീകരിക്കൽ.
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

## ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
- സംഖ്യാ കാർഡ് നിർമിക്കൽ.

## ജൂലൈ

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാകാർഡ് തയ്യാറാക്കുന്നു.

## ഓഗസ്റ്റ്

- 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

- സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ
- ഒറ്റ സംഖ്യകൾ തമ്മിൽ സങ്കലനക്രിയകൾ നടത്തൽ
- ഒറ്റ സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ
- ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

## ഒക്ടോബർ

- ഒറ്റ സംഖ്യ, ഇരട്ട സംഖ്യ തിരിച്ചറിയൽ.
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്
- വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

## നവംബർ

- സംഖ്യാ ഗാനങ്ങൾ, പാടുന്നു, ശേഖരിക്കുന്നു.
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ
- ഗണിത ആൽബം തയ്യാറാക്കൽ.

## ജനുവരി

- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- 1 മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

## ഫെബ്രുവരി

- ഗണിത ആൽബം PTA യിൽ പ്രദർശിപ്പിക്കുന്നു.
- വിലവിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## മാർച്ച്

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റുകൾ പൂർത്തിയാക്കുന്നു.
- ലളിതമായ ഗണിത ക്രിയകളിൽ ഏർപ്പെടുന്നു.
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.
- സംഖ്യകളുടെ പകുതി, തുല്യം എന്നിവ തിരിച്ചറിയുന്നു.

# പരിസരപഠനം

## അക്കാദമിക
## മാസ്റ്റർ
## പ്ലാൻ

## Std - I

## പ്രവർത്തന ലക്ഷ്യങ്ങൾ

- ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകളുണ്ടെന്ന് പറയുന്നു.
- വിവിധ തരം സസ്യങ്ങൾ (വലിയ മരങ്ങൾ/ചെറിയ ചെടികൾ., പൂക്കുന്നവ, പൂക്കാത്തവ) കണ്ടെത്തി പട്ടികപ്പെടുത്തുന്നു.
- സസ്യങ്ങൾക്ക് വേര്, തണ്ട്, ഇല, പൂവ്, കായ് തുടങ്ങിയ ഭാഗങ്ങളുണ്ടെന്ന് നിരീക്ഷിച്ചു കണ്ടെത്തുന്നു ചിത്രീകരിക്കുന്നു. വിശദമാക്കുന്നു.
- നിരീക്ഷിച്ചും. അനുഭവത്തിന്റെ അടിസ്ഥാനത്തിലും മഴക്കാലത്ത് ചുറ്റുമുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ച് തന്റേതായ ആശയങ്ങൾ വിവിധ രീതികളിൽ അവതരിപ്പിക്കുന്നു. (ചിത്രീകരണം, അനുഭവം പറയൽ, പരിസര നിരീക്ഷണം)
- പതിപ്പുകൾ തയ്യാറാക്കുന്നു.
- പൂക്കളുടെ സാദൃശ്യ വ്യത്യാസങ്ങൾ (നിറം, ഇതളുകളുടെ എണ്ണം, പ്രയോജനം, ചെറുത്/വലുത്, ഒറ്റയായത്/കുലയായത്, മണമുള്ളത്/ഇല്ലാത്തത്) പട്ടികപ്പെടുത്തുന്നു. നിഗമനം രൂപീകരിക്കുന്നു.
- നിറം, മണം, രുചി, വലിപ്പം, ആകൃതി എന്നിവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തി പട്ടികപ്പെടുത്തുന്നു.

- സസ്യങ്ങൾ, പൂക്കൾ, പഴങ്ങൾ എന്നിവയുടെ പേരുകൾ തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തുന്നു.
- പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് മനസിലാക്കുന്നു.
- ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.
- വിത്ത്, ഇല, പൂക്കൾ തുടങ്ങിയവ ശേഖരിക്കുകയും ക്രമീകരിച്ച് പ്രദർശിപ്പിക്കുകയും ചെയ്യുന്നു.

## ജൂൺ

### പ്രവർത്തനങ്ങൾ

- പ്രകൃതി നടത്തം
- പരിസ്ഥിതി ദിന പ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കൽ.

## ജൂലൈ

### പ്രവർത്തനങ്ങൾ

- ചുറ്റുപാടുമുള്ള മരങ്ങൾ, ചെടികൾ നിരീക്ഷിക്കൽ തിരിച്ചറിയൽ
- തിരിച്ചറിഞ്ഞവ പട്ടികപ്പെടുത്തൽ
- പ്രകൃതി നടത്തം - സസ്യങ്ങളെ നിരീക്ഷിക്കുന്നു. പേരുകൾ കണ്ടെത്തുന്നു, പറയുന്നു. എഴുതുന്നു സഹായത്തോടെ
- സ്കൂൾ പൂന്തോട്ട നിർമാണം.

## ഓഗസ്റ്റ്

### പ്രവർത്തനങ്ങൾ

- ചെടികളുടെ ചിത്രങ്ങൾ എടുത്ത് ക്ലാസ് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യുന്നു.
- തിരിച്ചറിയുന്ന ചെടികൾ നിരീക്ഷിച്ച് പ്രത്യേകത പറയൽ, എഴുതൽ
- സ്കൂളിലും വീട്ടിലും അടുക്കളത്തോട്ടം, പൂന്തോട്ടം നിർമാണം.

## സെപ്റ്റംബർ

### പ്രവർത്തനങ്ങൾ

- ചുറ്റുപാടുമുള്ള ചെടികൾ നിരീക്ഷിച്ച് ആഹാരയോഗ്യമായതും, ഭംഗിക്ക് ഉപയോഗിക്കുന്നവയും കണ്ടെത്തൽ.
- മരങ്ങൾ, ചെടികൾ വ്യത്യാസം തിരിച്ചറിയൽ
- മണമുള്ള പൂക്കൾ / മണമില്ലാത്ത പൂക്കൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തുന്നു, കണ്ടെത്തുന്നു, നിഗമനത്തിൽ എത്തിച്ചേരുന്നു, ശേഖരിക്കുന്നു.

## ഒക്ടോബർ

### പ്രവർത്തനങ്ങൾ

- ചെടികളുടെ വേര്, തണ്ട്, ഇല, പൂവ്, കായ് തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു. ചിത്രീകരിക്കുന്നു, വിശദമാക്കുന്നു.
- പലതരം ചെടികൾ ഉണ്ടെന്ന് കണ്ടെത്തുന്നു.

## നവംബർ

### പ്രവർത്തനങ്ങൾ

- പൂക്കളുടെ സാമ്യവ്യത്യാസങ്ങൾ കണ്ടെത്തൽ, നിറത്തിന്റെ അടിസ്ഥാനത്തിൽ
- വീട്ടിൽ രക്ഷിതാവിന്റെ സഹായത്തോടെ അടുക്കളത്തോട്ടം നിർമ്മിച്ച് ഫോട്ടോ വാട്സ്ആപ്പ് ഗ്രൂപ്പിൽ ഷെയർ ചെയ്യുന്നു.
- ചെടികൾ എന്തൊക്കെ നടാൻ ഉണ്ടാകുന്നത് എന്ന് തിരിച്ചറിയൽ

## ഡിസംബർ

### പ്രവർത്തനങ്ങൾ

- ചെറിയ പൂക്കൾ/ വലിയ പൂക്കൾ, ഒറ്റയായത്/ കുലയായത്, മണമുള്ളത്/ മണമില്ലാത്തത്,

ഔഷധഗുണമുള്ളത് തിരിച്ചറിയൽ, ഇതളുകളുടെ എണ്ണം തിരിച്ചറിയൽ, രാത്രിയിൽ വിരിയുന്ന പൂക്കൾ എന്നിങ്ങനെ കണ്ടെത്തി പട്ടികപ്പെടുത്തൽ.

## ജനുവരി

### പ്രവർത്തനങ്ങൾ

- ഔഷധത്തോട്ടം നിർമ്മാണം
- ആഹാരത്തിനാവശ്യമായി ഉപയോഗിക്കുന്ന ചെടികൾ / അല്ലാത്തവ കണ്ടെത്തൽ
- പൂക്കളുടെ ശേഖരണ പുസ്തകം തയ്യാറാക്കൽ
- പൂക്കളുടെ നിറത്തിന്റെ അടിസ്ഥാനത്തിൽ 'എന്റെ പരിസരപഠന പുസ്തകത്തിൽ' എഴുതി ചേർക്കൽ
- ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ.

## ഫെബ്രുവരി

### പ്രവർത്തനങ്ങൾ

- 'എന്റെ പൂക്കൾ' ആൽബം തയ്യാറാക്കൽ
- പൂക്കളുടെ പതിപ്പ് തയ്യാറാക്കൽ
- ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ

## മാർച്ച്

### പ്രവർത്തനങ്ങൾ

- 'എന്റെ പരിസരപഠനപുസ്തകം'
  'എന്റെ ആൽബം' പൂക്കൾ പതിപ്പ്
  CPTA യിൽ പ്രദർശിപ്പിക്കൽ.
- ചെടികളിൽ വ്യക്തമായ ധാരണ ഉറപ്പാക്കാൻ കഴിയുന്നു.
- ചുറ്റുപാടും പലതരം ചെടികൾ, പൂക്കൾ ഉണ്ടെന്നുള്ള വ്യക്തമായ ധാരണ ഉറപ്പിക്കാൻ കഴിയുന്നു.

# Academic Masterplan

## Std : II

## 2025-26

# Masterplan

## Std : II

2025-26

## ആമുഖം

പൊതു വിദ്യാഭ്യാസത്തെ മുഖ്യ ധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാവികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്സ്തല മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

## പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസ്സിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

* രണ്ടാം ക്ലാസ്സിലെ എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണ വായനം ഉറപ്പാക്കുക.

* ക്ലാസ്സിലെ എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണ വായന ഉറപ്പാക്കുക.

* ക്ലാസ്സിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

* വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

* ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.

നവംബർ

* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

ഡിസംബർ

* ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

* ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരമൊരുക്കുന്നു.

ജനുവരി

* വരികൾ കൂട്ടിച്ചേർന്ന് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരമൊരുക്കൽ (കവിതാ പൂരണം)

* ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരമൊരുക്കൽ.

ഫെബ്രുവരി

* എല്ലാ വേളയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പു വരുത്തൽ. (ഭാഷണം, ലേഖനം)

* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്ത-
നങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരമൊരുക്കൽ.

<u>മാർച്ച്</u>

* വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ.
* ഇൻലന്റ് മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ.
* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.
* വീട്ടു വായന, കൂട്ടു വായന, നാട്ടു വായന, അമ്മവായന, ചിന്തവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ.

* ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

മുന്നൊരുക്കം

* പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.

* കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്നോക്ക കുട്ടിക്ക് ലഭ്യമാകുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

പ്രവർത്തന ലക്ഷ്യം:

* രണ്ടാം ക്ലാസ്സിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

ജൂൺ

* ചിന്താകാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്.)

* ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ.

* വായനാസാമഗ്രികൾ നിർമ്മിക്കൽ.

* വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.

ജൂലൈ

* ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉപയോഗപ്പെടുത്തുന്നു.

* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉപയോഗിക്കുന്നു.

* സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

ആഗസ്റ്റ്

* ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ.

* രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ.

* വീട്ടു ലൈബ്രറി ഒരുക്കൽ.

* ചിത്ര വിവരണം.

* വായനാ തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു.

സെപ്റ്റംബർ

* വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ.

* വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ.

* വായിച്ച കഥയിൽ നിന്നും ചോദ്യങ്ങളുണ്ടാക്കൽ.

* വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ.

ഒക്ടോബർ

* കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കു-ന്നതിനുള്ള അവസരം ഒരുക്കൽ.

* വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു.

ഉദാ:- ആന

വലിയ ആന

കറുത്ത വലിയ ആന.

## ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടു കൊണ്ട് തന്നെയാണ് "ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത്. എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലൂ തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസ്സിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാ-ബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.

* സംഖ്യാബോധവും ക്രിയാ ശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.

* ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ.

* ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു; എഴുതുന്നു. (100 ൽ താഴെ)

* ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ.

* പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ.

മുന്നൊരുക്കം

* ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

## ജൂൺ

*1, 2, 3, 4 ....

1, 3, 5, 7 ....

10, 20, 30, 40 ....

5, 10, 15, 20 ....

2, 4, 6, 8 ....

തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെ-ത്താൻ.

* ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും 1 കുറച്ചാൽ തൊട്ടു മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവുണ്ടാകാൻ.

## ജൂലൈ.

* ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.

* ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കാൻ.

* പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർന്ന് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ.

(5+5=10 , 10+10=20 , 10+5=15)

## ആഗസ്റ്റ്

* വിവിധ പാറ്റേണുകൾ രൂപീകരിക്കൽ.
* സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ.

    99 നോട് 1 കൂട്ടിയാൽ 100.

    10 പത്തുകൾ ചേർന്നാൽ 100 ആകും.

    100 ഒന്നുകൾ ചേർന്നതാണ് 100.

* ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ.

## സെപ്തംബർ.

* ഗണിതകിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ.

* വിലവിവര പട്ടിക തയ്യാറാക്കൽ.
* ക്ലാസ്സിലൊരു കട, സ്കൂളിലൊരു കട, ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കുന്നു.

<u>ഒക്ടോബർ</u>

* രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
* സങ്കലന, വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.
* സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ.

<u>നവംബർ</u>

* സ്ഥാനവില തിരിച്ചറിയൽ (ഒന്ന്, പത്ത്)
* പ്രായോഗിക പ്രശ്ന പരിഹാരത്തിനായി കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എടുക്കൽ.
* ക്ലാസിനൊരു കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ.
* നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യ രൂപീകരിക്കൽ (10 രൂപ + 5 രൂപ = 15 രൂപ)

ഡിസംബർ

* സംഖ്യാബോധം തിരിച്ചറിയൽ , സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.

* സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമ്മിക്കൽ)

* രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

ജനുവരി

* വില വിവരപ്പട്ടിക തയ്യാറാക്കൽ , വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ , പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ , പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ .

* സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ.

ഫെബ്രുവരി.

* ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ.

* ഉല്ലാസ ഗണിതം മെറ്റീരിയൽസ് ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളി രീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ.

മാർച്ച്

* കലണ്ടർ പതിപ്പ് തയ്യാറാക്കൽ.
* കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിയൽ, മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ.
* കലണ്ടർ സംഖ്യാ ബന്ധങ്ങൾ, പാറ്റേണുകൾ രൂപീ-കരിക്കൽ.
* കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.
* ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

* ഉല്ലാസ ഗണിതം മെറ്റീരിയൽസ് ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളി രീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ.

## മാർച്ച്

* കലണ്ടർ പതിപ്പ് തയ്യാറാക്കൽ.
* കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിയൽ, മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ.
* കലണ്ടർ സംഖ്യാ ബന്ധങ്ങൾ, പാറ്റേണുകൾ രൂപീകരിക്കൽ.
* കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.
* ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

# Std 2

# Academic Master plan English.

## Introduction

There are 38 Students in Std. 2. Our aim is to gain them maximum Competencies in English. We are giving activities to enrich their vocabulary, to develop their listening, speaking and writing Skills. Hello English activities are included to increase their in interest in english learning. Activities given ~~are~~ also for the slow learners and I.E.D. Students

| Aim | Activities | Duration | Incharge |
| --- | --- | --- | --- |
| To check the Vocabulary and writing Skills of pupils. | Pre-test | June | |
| To develop listening Skills. | Games<br>Action Songs<br>Hello English activities<br>Conversations,<br>Skit.<br>Stories.<br>Use ICT. | June<br>July<br>August | |
| To develop Speaking Skills. | Descriptions.<br>Growing sentences.<br>Picture reading.<br>Picture description.<br>Self introduction<br>Assembly activities<br>Speech.<br>book review<br>~~St~~ Quiz.<br>riddles.<br>School radio etc. | June to March. | |

| Aim | Activities | Duration | In charge |
| --- | --- | --- | --- |
| Develop the Creative Speaking and Writing Skills. | Reading skills,<br>1. News paper reading, library reading, book review, reading breaking news.<br>2. Find words.<br>3. Collect and read past tense<br>4. rhyming words.<br>5. describing words.<br>6. Text book activities<br>Writing skills.<br>1. Makes word webs.<br>2. Picture description with describing words<br>3. Word chain, Sentence chain.<br>4. Make riddles, Conversations<br>5. Add more line.<br>Speaking Skills.<br>1. Speech<br>2. book review<br>3. Quiz, riddles.<br>4. Self introduction.<br>5. School radio.<br>6. Make description magazines. | August to February. | |

| Aim | Activities | Duration | In Charge. |
| --- | --- | --- | --- |
| To express thoughts and feelings | Reading skills.<br>1. library book reading<br>2. Conversations skit Stories using ICT<br>3. Reads breaking news.<br>4. develop stories.<br>5. Reads diary.<br>6. Reads letters from friends.<br><br>Writing skills.<br>1. diary.<br>2. letter.<br>3. Announcement.<br>4. Speech<br>5. School radio.<br>6. Magazines.<br>7. Class room post-office. | October to Febuary. | |
| To improve presentation power. | Reading Skills<br>1. Newspaper reading.<br>library books-reading, book review reading. | Febuary and March. | |

- Reads breaking news.
- Reads letters from

Writing skills.

1. diary.
2. letter.
3. Announcement.
4. description.
5. notice proclamation.
6. Thought.
7. School radio.
8. Makes magazines.
9. Skits.
10. Exhibition.

# Academic Master Plan 2025-2026

STD: 3

## ജി. എൽ. പി. എസ്. [illegible]

**മലയാളം  അക്കാദമിക് മാസ്റ്റർപ്ലാൻ  Std: 3 (2025-26).**

**ഉദ്ദേശ്യം:**

വിദ്യാർത്ഥികൾക്ക് ശുദ്ധമായി മലയാളം വായിക്കാനും എഴുതാനും, സംസാരിക്കാനും കഴിയേണ്ടതാണ്

**കാലക്രമം:**

ജൂൺ മുതൽ മാർച്ച് വരെ

**ലക്ഷ്യങ്ങൾ:**

① . ശബ്ദശേഖരം വർദ്ധിപ്പിക്കൽ

- എഴുത്ത്, വായന സംസാരശേഷി വർദ്ധിപ്പിക്കൽ

ജൂൺ - ജൂലൈ.

Pre-test.

നിർദ്ദേശങ്ങൾ പാലിക്കാനുള്ള ശേഷിയും വായനാശേഷിയും വർദ്ധിപ്പിക്കുക.

## പ്രവർത്തനങ്ങൾ

- ഭാഷാ കേളികൾ.
- ആശയച്ചാർട്ട്.
- ഭാവാത്മക വായന
- കഥാപറയൽ
- അധ്യാപിക ഭാവാത്മകമായി പറയുന്ന കഥകൾ കേൾക്കൽ.
- I.C.T ഉപകരണങ്ങൾ ഉപയോഗിച്ചു കഥകളും പാട്ടുകളും കേൾക്കൽ

## സംസാരശേഷി.

- ചിത്രവായന.
- കടങ്കഥകൾ, പഴഞ്ചൊല്ല് ശേഖരണം, ക്ലാസ്സ് അവതരണം.
- അനുഭവ വിവരണം.
- ചിത്രത്തെക്കുറിച്ച് വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുക.
- ചിത്ര വിവരണം.

ഓഗസ്റ്റ് 9 സെപ്റ്റംബർ

ലക്ഷ്യം: ② സൃഷ്ടിപരമായ എഴുത്തും സംസാരവുമുള്ള വിദ്യാർത്ഥികളെ വികസിപ്പിക്കുക.

വായനാശേഷി :

- കഥാപുസ്തകങ്ങൾ വായിക്കുക.
- വായിച്ചതിൽ നിന്നും പുതിയ വാക്കുകൾ കണ്ടെത്തുക.
- പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ

എഴുത്ത്:

- വാക്കുകളുടെ വെബ് (Word web) നിർമ്മിക്കുക.
- ചിത്ര വിവരണം
- വാക്കുകളും വാക്യങ്ങളും നിർമ്മിക്കുക
- ചോദ്യങ്ങൾ നിർമ്മിക്കുക, ചോദ്യോത്തരപ്പയറ്റ്
- വാക്കുകൾ കൂട്ടിച്ചേർത്തു കൂടുതൽ വരികൾ എഴുതുക.

ഒക്ടോബർ 4 നവംബർ

ലക്ഷ്യം: ③ ആലോചനകളും വികാരങ്ങളും പ്രകടിപ്പിക്കാൻ കഴിയണം.

വായനശേഷി:

- ലൈബ്രറി പുസ്തകങ്ങൾ വായിക്കുക.
- കഥ, നോവൽ, അനുഭവക്കുറിപ്പുകൾ

## ജി. എൽ. പി. എസ്. പാതിരപ്പള്ളി.

**ഗണിതം.** അക്കാദമിക മാസ്റ്റർ പ്ലാൻ. Std. 3. 2025-26.

**ലക്ഷ്യം:** (1)

ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നേടുന്നു.

**പ്രവർത്തനം:**

ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമ്മിക്കുന്നു.

കളം.

**കാലം** : ജൂൺ - ജൂലൈ.

**ചുമതല** : അധ്യാപിക. CPTA

ലക്ഷ്യം : ②

999 വരെയുള്ള സംഖ്യകളെ വ്യത്യസ്തരീതിയിൽ വ്യാഖ്യാനിക്കുന്നു.

പ്രവർത്തനം:

സംഖ്യാ പാറ്റേണുകൾ

· നാണയങ്ങൾ, കറൻസിനോട്ടുകൾ

· പാറ്റേണുകൾ (ഗണിതകിറ്റ്)

കാലം : ആഗസ്റ്റ്

ചുമതല : അധ്യാപിക, കുട്ടികൾ

ലക്ഷ്യം : ③ എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക.

പ്രവർത്തനം: വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ.

കാലം : സെപ്റ്റംബർ

ചുമതല : അധ്യാപിക, കുട്ടികൾ

**ലക്ഷ്യം:** 4 സങ്കലന - വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക.

**പ്രവർത്തനം:** · മനഃകണക്കുകൾ

· നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

**കാലം:** ഒക്ടോബർ - നവംബർ.

**ചുമതല:** അധ്യാപിക, കുട്ടികൾ

**ലക്ഷ്യം:** 5 ഉന്നത വിജയങ്ങൾ നേടൽ.

**പ്രവർത്തനം:** മനഃകണക്കുകൾ

മത്സരക്കളി.

**കാലം** - ഡിസംബർ - ജനുവരി.

**ചുമതല** - അധ്യാപിക, കുട്ടികൾ, CPTA.

ലക്ഷ്യം : 6 ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ.

പ്രവർത്തനം : – നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

– ICT വിഭവങ്ങൾ ഉപയോഗിച്ച്.

കാലം – ഫെബ്രുവരി – മാർച്ച്.

പങ്കാളികൾ – അധ്യാപിക, കുട്ടികൾ.

# GOVT LPS PARIPPALLY

## Academic Master Plan 2025-2026

### STD: 3 ENGLISH

Aim

To develop listening skills and Reading skills.

Duration

June to March

Activities

- Simple games
- Plays the audio Song
- Let the learner's Sing after the audio
- Discussion, Listen to Simple instructions
- Conversation
- Action Song
- Video presentation of Cartoons, Simple stories etc.
- Provides the opportunity to read Simple stories and poems.

Aim

To develop Speaking Skills

Duration

June - March

Activities

- Self introduction
- Identify the naming words from the picture.
- picture description
- Provides opportunity to read simple stories.
- They tell the story they read.
- Skit
- Role play
- Class room communication should be in English.
- ~~[illegible]~~

Aim

To develop Reading skills

Duration

June - March

Activities

- Provides opportunity to read Simple stories and poems.
- Newspaper reading
- Conversation
- Rhyming words
- Reads Diary
- Reads Notice
- Library book Reading
- Reader's Theatre
- Book review
- Develop story

Aim

To develop Writing Skills

Duration

June - March

Activities

Arranging words in alphabetical order.

Notice / placard / poster Making / Greeting card preparation

Description.

Writes simple rhymes.

Diary Writing

# ഗവ. എൽ. പി. എസ് പാരിപ്പള്ളി

## അക്കാദമിക മാസ്റ്റർ പ്ലാൻ

## Std : 3 പരിസരപഠനം

### ലക്ഷ്യം

സസ്യലോകത്തെ വൈവിധ്യം ആസ്വദിക്കുന്നതിനും സസ്യങ്ങളെ സംരക്ഷിക്കാനുള്ള മനോഭാവം രൂപപ്പെടുകയും ചെയ്യുന്നു.

### കാലയളവ്

ജൂൺ - ജൂലൈ

### പ്രവർത്തനങ്ങൾ

പ്രകൃതി നടത്തം - ജൈവവൈവിധ്യ ഉദ്യാനം, വയൽ etc സന്ദർശനം.

വിവിധ തരം സസ്യങ്ങൾ, പൂക്കൾ എന്നിവയെ തിരിച്ചറിയുന്നു.

ഔഷധത്തോട്ട നിർമാണം.

പരിസ്ഥിതി ദിനാചരണം

ജൈവവൈവിധ്യ ഉദ്യാനം വിപുലപ്പെടുത്തൽ.

· പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളിത്തം.

## ലക്ഷ്യം

ശാസ്ത്ര പരീക്ഷണങ്ങളിൽ താത്പര്യം ജനിപ്പിക്കൽ.

## കാലയളവ്:

ജൂൺ – മാർച്ച്

## പ്രവർത്തനങ്ങൾ

- പരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ.
- കുറിപ്പ് തയ്യാറാക്കൽ
- ശാസ്ത്ര പ്രതിഭകളെ അടുത്തറിയൽ
- വിവരങ്ങൾ ശേഖരിക്കൽ.
- സ്കൂൾ ലബോറട്ടറി പ്രയോജനപ്പെടുത്തൽ

## ലക്ഷ്യം

പ്രകൃതി സംരക്ഷണം.

## കാലയളവ്

ആഗസ്റ്റ് – സെപ്റ്റംബർ

## പ്രവർത്തനങ്ങൾ

- മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കാൻ ആവശ്യമായ പോസ്റ്ററുകൾ തയ്യാറാക്കൽ.
- മഴക്കുഴി നിർമാണം.
- മഴമാപിനി നിർമാണം.
- കിണർ സന്ദർശനം.
- മണ്ണ് കൊണ്ട് രൂപം നിർമിക്കൽ
- ഫീൽഡ് ട്രിപ്പ്

**ലക്ഷ്യം**

വ്യക്തി ശുചിത്വം

**കാലയളവ്**

സെപ്റ്റംബർ - ഒക്ടോബർ

**പ്രവർത്തനങ്ങൾ**

ശുചിത്വ പോസ്റ്റർ നിർമാണം

സ്കൂൾ ശുചിത്വ ക്ലബ്ബ് പ്രവർത്തനങ്ങൾ

ആരോഗ്യ ബോധവൽക്കരണ

സെമിനാറുകൾ

സ്കൂൾ പച്ചക്കറിത്തോട്ടം ഒരുക്കൽ

ഇന്റർവ്യൂ - ആരോഗ്യ പ്രവർത്തകർ

കുട്ടികളുടെ ഹെൽത്ത് കാർഡ് -

BMI കാണുന്നു

ഫ്രൂട്ട് ഫെസ്റ്റിവൽ

ശരിയായ ഭക്ഷണശീലം പോസ്റ്റർ

ലക്ഷ്യം

റോഡ് നിയമങ്ങൾ മനസിലാക്കുന്നു.

കാലയളവ്

നവംബർ - ഡിസംബർ

പ്രവർത്തനങ്ങൾ

റോഡ് നിയമങ്ങൾ - റോൾ പ്ലേ

സ്കിറ്റ്

വീഡിയോ പ്രദർശനം

ആരോഗ്യ പ്രവർത്തകരുടെ ക്ലാസ്

ഫസ്റ്റ് എയ്ഡ് കിറ്റ് തയ്യാറാക്കൽ.

കൊളാഷ് നിർമ്മാണം - പത്രകട്ടിങ്ങുകൾ (റോഡപകടങ്ങളെക്കുറിച്ചുള്ളവ)

ചർച്ച - ബോധവത്കരണം.

സ്വയം സുരക്ഷ -

ലക്ഷ്യം :

# ACADEMIC MASTER PLAN

## 2025-26

IV

ക്ലാസ് : 4
പരിസരപഠനം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് | |
|---|---|---|---|---|
| കുട്ടിയെ അറിയാം പ്രീടെസ്റ്റ് | നിരീക്ഷണം വിശകലനം | നമുക്ക് ചുറ്റുപാടുമുള്ളവയെ നിരീക്ഷിച്ച് നിഗമനത്തിൽ എത്തിച്ചേരുന്നു. വൈവിധ്യങ്ങളുടെ കൂടിച്ചേരലാണ് പ്രകൃതി എന്ന തിരിച്ചറിവ്. | 2 ആഴ്ച | ക്ലാസ് ടീച്ചർ |
| പ്രകൃതി നടത്തം | നിരീക്ഷണം - അറിവ് നിർമ്മാണം<br>* പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | പ്രകൃതിയെ അറിയാനും ആവാസ വ്യവസ്ഥകൾ പരിചയപ്പെടാനും കുളം, തോട്, പൂന്തോട്ടം, വയൽ, കൃഷിയിടം എന്നിവ സന്ദർശിക്കുന്നു. | ജൂൺ - ജൂലൈ | SRG ക്ലാസ് ടീച്ചർ |
| ശാസ്ത്രമേള | ശാസ്ത്രമേള | ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ | | |

| | | | | |
|---|---|---|---|---|
| | | ആലോചനാശേഷി വളർത്തൽ എന്നിവയ്ക്കുതകും വിധം ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ നടപ്പാക്കുന്നു. | ആഗസ്റ്റ് സെപ്റ്റംബർ | ക്ലാസ്സ് ടീച്ചർ |
| ശാസ്ത്രതാൽപര്യം വളർത്തൽ | * വാനനിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മേഖലകൾ പ്രദർശനങ്ങൾ, ഫോക്‌ലോർ അക്കാദമി എന്നിവ സന്ദർശിക്കൽ | കുട്ടികൾക്ക് നേരിട്ടുള്ള അനുഭവം സാധ്യമാകുന്നു. ശാസ്ത്ര ചിന്തയും അഭിരുചിയും വളർത്തുന്നു. | ഒക്ടോബർ നവംബർ | SRG |
| ഭൂപടമൊരുക്കാം | * ഭൂപട വായന, ഭൂപട രചന, സൂചിക പരിചയപ്പെടൽ, സൂചിക നിർമ്മാണം, ചിഹ്നങ്ങൾ ഉപയോഗിക്കൽ | * കേരളം, ഇന്ത്യ എന്നിവയുടെ ഭൂപടങ്ങൾ പരിചയപ്പെടുന്നതോടൊപ്പം സ്വയം ഭൂപട നിർമ്മാണം നടക്കുന്നതോടൊപ്പം അതിലുള്ള അറിവ് സാധ്യമാകുന്നു. | ഡിസംബർ | ക്ലാസ്സ് ടീച്ചർ |

| | | | | |
|---|---|---|---|---|
| ശാസ്ത്ര ചുമർ തയ്യാറാക്കൽ | * ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു. | ശാസ്ത്ര ലോകത്തെ വിസ്മയകരമായതും നൂതനവുമായ വാർത്തകൾ അറിയുന്നതോടൊപ്പം രക്ഷിതാവിലേക്കും എത്തിക്കാനും സഹായിക്കുന്നു. | ജനുവരി ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ശാസ്ത്രോത്സവം | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകൾ അസംബ്ലിയിലും [പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം]<br>* പതിപ്പ്<br>* ചാർട്ട്,<br>* ആൽബം<br>* പരീക്ഷണം<br>* നിരീക്ഷണം<br>സമൂഹത്തിലും പ്രദർശിപ്പിക്കുന്നു. | മാർച്ച് | SRG |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | കുട്ടികൾ തമ്മിലും കുട്ടികളും അധ്യാപകരും തമ്മിലുമുള്ള മുഴുവൻ ആശയവിനിമയവും ഇംഗ്ലീഷിൽ ആക്കുന്നതിനുള്ള നിർദ്ദേശം | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| | ആഴ്ചയിൽ ഒരു ദിവസം അസംബ്ലി ചേരൽ അസംബ്ലിയുടെ മുഴുവൻ ചുമതലയും കുട്ടികൾക്ക് | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതുവാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഡയറിക്കുറിപ്പായി എഴുതുക. | ആഴ്ചയിൽ ഒരു ദിവസം. | ക്ലാസ് ടീച്ചർ | |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | കാലയളവ് | | |
|---|---|---|---|---|
| ഇംഗ്ലീഷ് തിയേറ്റർ സർഗാത്മക പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യത്യസ്ത രൂപങ്ങളായി അവതരിപ്പിക്കൽ (Skit, Drama, Conversation, Story...) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | |
| സ്വയം വായനക്കാർഡ് നിർമാണം - സർഗാത്മക രചനശേഷി വികസനം വായനപരിപോഷിപ്പിക്കൽ | ക്ലാസ്തല പ്രവർത്തനങ്ങളിലൂടെ രൂപപ്പെടുന്നവ എഡിറ്റിംഗിലൂടെ ചിത്രങ്ങൾ ഉൾപ്പെടുത്തി സ്വന്തം വായനാക്കാർഡിലേക്ക്. | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് കോർണർ വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനമൂല ഒരുക്കൽ | വർഷം മുഴുവൻ | SRG<br>HM<br>ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഫെസ്റ്റ് ഇംഗ്ലീഷ് നന്നായി എഴുതുവാനും വായിക്കുവാനുമുള്ള നിലവാരത്തിലെത്തിക്കൽ | വായന മത്സരം, രചനമത്സരം സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | ഫെബ്രുവരി മാർച്ച് | SRG<br>HM<br>ക്ലാസ് ടീച്ചർ | - |

ക്ലാസ്സ് : IV
മലയാളം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് | ചുമതല |
|---|---|---|---|---|
| കുട്ടിയെ അറിയാം പ്രീടെസ്റ്റ് | ഭാഷയിൽ വായനയിലും ലേഖനത്തിലും പ്രയാസമുള്ള കുട്ടികളെ കണ്ടെത്തുന്നു. | വായനാ കാർഡുകൾ നൽകുന്നു. വായനയ്ക്ക് അവസരം നൽകുന്നു. വാക്കുകളും അക്ഷരങ്ങളും തിരിച്ചറിയുന്നു. പിന്നാക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്തുന്നതോടൊപ്പം അക്ഷര പരിചയത്തിനും വായനയ്ക്കും കൂടുതൽ അവസരങ്ങൾ നൽകുന്നു. | 2 ആഴ്ച | ക്ലാസ്സ് ടീച്ചർ |
| അക്ഷരസ്ഫുടതയോടും ആശയവ്യക്തതയോടും കൂടിയുള്ള വായന | * വായന<br>* ലേഖനം<br>* ആശയം പങ്കുവയ്ക്കൽ | * കുട്ടികളെ ലൈബ്രറി സന്ദർശനം പ്രയോജനപ്പെടുത്തി കൊണ്ട് വായനയ്ക്ക് അവസരം നൽകുന്നു. ക്ലാസ്സിൽ തുറന്ന വായനയ്ക്ക് അവസരം നൽകുന്നു.<br>* വായനയിലെ രീതി വ്യത്യാസം ചർച്ച ചെയ്യുന്നു.<br>* റീഡേഴ്സ് തിയേറ്റർ ക്ലാസ്സ് റൂമിൽ അവസരം നൽകുന്നു.<br>* സർഗാത്മക ഡയറി എഴുതുന്നു.<br>* നിശബ്ദ വായന, ആവർത്തന വായന | ജൂൺ | ക്ലാസ്സ് ടീച്ചർ |

| | | | | |
|---|---|---|---|---|
| | | ... നൽകുന്നു. * കുട്ടികളുടെ ആശയം ക്ലാസ്സ്മുറിയിൽ ചർച്ച ചെയ്യുന്നു. * ഫോറം അവതരണം. | ജൂലൈ | |
| * ലേഖന ശേഷി വർധിപ്പിക്കാൻ സാഹിത്യകാരന്മാരെ അടുത്തറിയൽ | * എഴുത്തുകാരുമായി സംവദിക്കാൻ | * വായനാ ദിനവുമായി ബന്ധപ്പെട്ട് നമ്മുടെ പ്രദേശത്തെ എഴുത്തുകാരെ അടുത്തറിയുന്നതോടൊപ്പം അവരുടെ ലേഖനങ്ങൾ പരിചയപ്പെടുന്നു. * ക്ലാസ്സ് മുറിയിൽ സ്വയം രചനകൾക്ക് അവസരം നൽകുന്നു. * ICT സഹായത്തോടെ പ്രശസ്ത എഴുത്തുകാരുടെ സംവാദങ്ങൾ പരിചയപ്പെടുത്തുന്നു. | ജൂലൈ. ആഗസ്റ്റ്. | ക്ലാസ് ടീച്ചർ SRG H·M |
| * അറിവ് ഡോക്യുമെന്ററികളിലൂടെ നേടൽ ICT | * പാഠഭാഗങ്ങളിൽ വിവിധ വീഡിയോകൾ സംയോജിപ്പിക്കാൻ പ്രദർശിപ്പിക്കാൻ | * കുട്ടികളിൽ താല്പര്യവും ആകാംഷയും വർധിപ്പിക്കുന്ന വീഡിയോ, പ്രദർശനം. | സെപ്റ്റംബർ | ക്ലാസ് ടീച്ചർ |

| | | | | |
|---|---|---|---|---|
| * നമ്മുടെ ... ഭക്ഷണങ്ങൾ പരിചയപ്പെടാൻ | * ... നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടാൻ<br>* അവയുടെ ഗുണങ്ങളെപ്പറ്റി നേരിട്ടറിയാൻ<br>* വിഷരഹിതമായ ആഹാര രീതിയിലേക്ക് തിരികെ നടക്കാം | * ... പരിചയപ്പെടുന്നതോടൊപ്പം ഭക്ഷ്യമേള സംഘടിപ്പിക്കാൻ<br>* നാടൻ വിഭവങ്ങളുടെ പാചകത്തെക്കുറിച്ച് ഉൾപ്പെടുന്നതിന് പഠിച്ച് നടത്താൻ അവസരം നൽകുന്നു.<br>* ക്ലാസിലൊരു സദ്യ സംഘടിപ്പിക്കാൻ. | ഒക്ടോബർ-നവംബർ | SRG |
| * പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയാൻ | * നിറക്കൂട്ട് കലക്കൂട്ട് | * ICT സഹായത്തോടെ വിവിധതരം കലാരൂപങ്ങൾ പരിചയപ്പെടുന്നു.<br>* പ്രദേശവാസിയായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കൊണ്ടുവരുന്നു. | ഡിസംബർ-ജനുവരി | SRG<br>ക്ലാസ് ടീച്ചർ |
| | | | | |

| | | | | |
|---|---|---|---|---|
| * കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | * സർഗോത്സവം<br>* കലാവതരണം<br>* കലാ ഉത്പന്നങ്ങൾ<br>* ഉല്പന്നങ്ങൾ എന്നിവയുടെ പ്രദർശനങ്ങൾ. | * കുട്ടികളിലെ സർഗവാസനകൾ [[illegible], നൃത്താവിഷ്കാരം, നാട്ടുബോധം] എന്നിവ ക്ലാസ് മുറികളിൽ നിന്നും സ്കൂൾ അസംബ്ലിയിലേക്കും അവിടെ നിന്നും സമൂഹത്തിലേക്കും | ഫെബ്രുവരി-മാർച്ച്. | SRG |